(എ) വൈക്കം ഗവൺമെൻറ് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലെ എക്സ്റേപ്ലാൻറ് വളരെ പഴയതും മിക്ക അവസരത്തിലും കേടു സംഭവിക്കുന്നതുമായതിനാൽ ഇത് മാറി പകരം കൂടുതൽ സൗകര്യങ്ങളുള്ള പുതിയ പ്ലാൻറ് അനുവദിക്കണമെന്നു പറഞ്ഞ് ആശുപത്രി വികസന സമിതി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) വൈക്കം ഗവൺമെൻറ് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി വികസന സമിതിയുടെ അപേക്ഷ കിട്ടിയിട്ടില്ല. ആശുപത്രി സൂപ്രണ്ടിൻെറ അപേക്ഷയിൽമേൽ ഒരു 300 എം. എ. എക്സ്റേ പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശം ഗവൺമെൻറ് പരിഗണിച്ചു വരുന്നു.

അട്ടപ്പാടിയിൽ ആയുർവേദ ചികിൽസാ സൗകര്യം

765 [927] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കേന്ദ്രമായ അട്ടപ്പാടിയിൽ ആയുർവേദ ചികിൽസാ സൗകര്യം ഇപ്പോഴുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയുർവേദ ചികിൽസാ സൗകര്യം ഏർപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

അയർപട്ടണം ആയുർവേദാശുപത്രി

766 [928] ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) അയർപട്ടണം ആയുർവേദാശുപത്രിക്ക് കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകിയതിനുശേഷം അതിൻെറ പണി ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും വേഗം ഈ ആശുപത്രിക്കുള്ള കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) അയർപട്ടണം ആയുർവേദാശുപത്രി എന്ന ഒരു സ്ഥാപനം നിലവിലില്ല. എന്നാൽ അയർകുന്നം ആയുർവേദ ഡിസ്പെൻസറിക്കെട്ടിടം നിർമ്മിക്കുന്നതിന് ഈ വർഷത്തെ വർക്സ്

LIBRARY ARCHIVES Kerala Legislative Assembly